STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.50/PR/SPMC/PHQ/2022 Date: 11.02.2022

# 46 പോലീസ് സ്റ്റേഷനുകൾക്ക് ആധുനിക ജീപ്പ്

ദുർഘട പ്രദേശങ്ങളിൽ യാത്ര ചെയ്യുന്നതിന് സഹായകരമായ 46 പുതിയ പൊലീസ് ജീപ്പുകൾ വിവിധ സ്റ്റേഷനുകൾക്ക് കൈമാറി. ഫോഴ്സ് കമ്പനിയുടെ ഗൂർഖ എന്നറിയപ്പെടുന്ന വാഹനങ്ങൾ ആണ് വിവിധ സ്റ്റേഷനുകൾക്ക് ലഭ്യമാക്കിയത്. പോലീസ് ആസ്ഥാനത്തെ എഡിജിപി മനോജ് എബ്രഹാം കമ്പനി പ്രതിനിധികളിൽനിന്ന് വാഹനങ്ങൾ ഏറ്റുവാങ്ങി.

നക്സൽ ബാധിത പ്രദേശങ്ങളിലെയും ഉയർന്ന പ്രദേശങ്ങളിലെയും പോലീസ് സ്റ്റേഷനുകൾക്കാണ് വാഹനങ്ങൾ നൽകിയത്. ഫോർവീൽ ഡ്രൈവ് എ.സി വാഹനത്തിൽ ആറു പേർക്ക് സുഖമായി സഞ്ചരിക്കാം. സ്റ്റേറ്റ് പ്ലാൻ, പോലീസ് നവീകരണപദ്ധതി എന്നിവപ്രകാരമുള്ള ഫണ്ട് ഉപയോഗിച്ചാണ് വാഹനങ്ങൾ വാങ്ങിയത്. ഒരു വാഹനത്തിന് 13.25 ലക്ഷം രൂപയാണ് വില.

(പുതിയ പോലീസ് വാഹനങ്ങളുടെ വീഡിയോ ദൃശ്യങ്ങൾ ഇതോടൊപ്പം)

ഫോട്ടോ ക്യാപ്ഷൻ : പുതിയ പോലീസ് വാഹനങ്ങൾ.

***************************